"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് - വർക്കിംഗ് ഗ്രൂപ്പ് 2025-26- " Responsible Tourism related Job training for those in the Mundakai -Chooralmala Natural Disaster Area (Part 1 )-Kerala Responsible Tourism Mission Society 2025-26" എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.370/2025/TSM തീയതി,തിരുവനന്തപുരം, 25-06-2025

---

പരാമർശം:-

1. സ.ഉ (കൈ) നം.03/2019/ടൂറിസം, തീയതി 30-05-2019.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 29-05-2025 തീയതിയിലെ DOT/1482/2025-P7നമ്പർ കത്ത്.
3. 31-05-2025 തീയതയിലെ വിനോദസഞ്ചാര വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പുകൾ.

**<u>ഉത്തരവ്</u>**

കേരളത്തിലെ വയനാട് ജില്ലയിൽ മേപ്പാടി പഞ്ചായത്തിൽ 2024 ജൂലൈ 30-ന് ഉണ്ടായ ഉരുൾ പൊട്ടലിൽ ടൂറിസം ഉപജീവനമാക്കിയിരുന്ന അനേകം ആളുകളുടെ ഉപജീവന മാർഗം നഷ്ടപ്പെടുകയുണ്ടായി. മറ്റ് വഴിയില്ലാതെ വീടും സ്വത്തും നഷ്ടപ്പെട്ടിരിക്കുന്ന ചൂരൽമല മുണ്ടക്കൈ പ്രദേശത്തു അധിവസിച്ചിരുന്ന 30 പേർക്ക് കരകൗശല ,സുവനീർ പരിശീലനം കുറഞ്ഞത് 15 ദിവസത്തേക്ക് എങ്കിലും വിദഗ്ധരായ ഏജൻസികളെ കൊണ്ടോ ,കഴിവ് തെളിയിച്ച പുത്തൻ ആശയങ്ങളുള്ള ആളുകളെക്കൊണ്ടോ നടത്തി ബ്രാൻഡ് ചെയ്തു വിപണിയിൽ എത്തിക്കാൻ സാധിച്ചാൽ അത് അവരുടെ ഉപജീവനത്തിന് സഹായകമാകും. പ്രസ്തുത പരിശീലനം പൂർത്തിയാക്കിയ വ്യക്തികളെ ചേർത്ത് ഒരു യൂണിറ്റ് രൂപീകരിക്കുവാനും പ്രസ്തുത യൂണിറ്റിന് പ്രവർത്തിക്കുന്നതിനുള്ള മൂലധനം നൽകുന്നതിലേക്കുമായി, Responsible Tourism related Job training for those in the Mundakai -Chooraimala Natural Disaster Area (Part 1 )-Kerala Responsible Tourism Mission Society 2025-26 എന്ന പദ്ധതിയ്ക്ക് ₹13,58,300/- രൂപയുടെ ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച്, പദ്ധതി

പ്രൊപ്പോസൽ പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

2. പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു:-

| **ക്രമ നമ്പർ** | **പ്രോജക്ടുകൾ / പ്രവർത്തനങ്ങൾ** | **പ്രതീക്ഷിക്കുന്ന ചിലവ് (₹)** |
|---|---|---|
| 1 | **സുവനീർ / കരകൗശല വസ്തു നിർമ്മാണ പരിശീലനം** | 10,36,200 |
| 2 | **കമ്മ്യൂണിറ്റി ടൂർ ലീഡർ പരിശീലനം** | 3,22,100 |
| **ആകെ തുക (1 + 2)** | | 13,58,300 |
| **പതിമൂന്ന് ലക്ഷത്തി അൻപത്തിയെണ്ണായിരത്തി മുന്നൂറ് രൂപ മാത്രം** | | |

3. 31-05-2025 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ഇക്കാര്യം പരിഗണിക്കുകയും, പ്രസ്തുത പദ്ധതി പ്രൊപ്പോസൽ അംഗീകരിക്കുകയും ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **Responsible Tourism related Job training for those in the Mundakai -Chooralmala Natural Disaster Area (Part 1)-Kerala Responsible Tourism Mission Society 2025-26** എന്ന പദ്ധതിയ്ക്ക് നടപ്പ് സാമ്പത്തിക വർഷത്തെ **3452-80-104-89-Responsible Tourism (Plan)** എന്ന ശീർഷകത്തിൽ നിന്നും **₹**13,58,300/- **(പതിമൂന്ന് ലക്ഷത്തി അൻപത്തിയെട്ടായിരത്തി മുന്നൂറ് രൂപ മാത്രം)** രൂപ ചെലവഴിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5. പ്രസ്തുത പദ്ധതി കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി മുഖേന സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും, പദ്ധതിയുടെ നടത്തിപ്പിനായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ എല്ലാ നിബന്ധനകളും നിർബന്ധമായും പാലിയ്ക്കേണ്ടതും, പദ്ധതിച്ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതും, പദ്ധതി നടപ്പിലാക്കിയതിന് ശേഷമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി, പാർക്ക് വ്യൂ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്
പി.ഐ.ഇ.&എം. വകുപ്പ്
വിനോദസഞ്ചാര (എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/ 152/2025-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 25-06-2025 16:59:49

സെക്ഷൻ ഓഫീസർ

പകർപ്പ് :

1. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
3. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.